മി. സ്പീക്കർ : ഇതെല്ലാം ലഘുവായി കൈകാര്യം ചെയ്യേണ്ട കാര്യമല്ല. ആശയപരമായ അഭിപ്രായവ്യത്യാസങ്ങളാണ് ഇവ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ആശയപരമായ അഭിപ്രായ വ്യത്യാസങ്ങൾ ഇവിടെ പരാമർശിക്കാൻ തുടങ്ങിയാൽ മറ്റു പാർട്ടിക്കാർക്കും അതേ സംബന്ധിച്ച് സംസാരിക്കേണ്ടിവരും. പാർലമെന്റിൽ ഇതു ഏതു നിലയിലാണ് ഉന്നയിച്ചതെന്നും, ചർച്ചചെയ്തതെന്നും ഉള്ളതിനെ സംബന്ധിച്ച് അറിയുകയില്ല. ഏതായാലും അഡ്ജോൺമെന്റ് മോഷന്റെ അടിസ്ഥാനത്തിലല്ല ചർച്ച നടന്നതു്. ഇവിടെയും ഇതു് അടിയന്തിരപ്രമേയം എന്ന നിലയിൽ ചർച്ച ചെയ്യേണ്ടതില്ല. ഇതേപ്പറ്റി കൂടുതൽ അംഗങ്ങൾ രൂം 57 അനുസരിച്ച് നോട്ടീസ് തന്നിട്ടുണ്ട്. അതുകൊണ്ട് ഇതേപ്പറ്റി ബിസിനസ് അഡ്വൈസറി കമ്മിറ്റികൂടി ചർച്ചചെയ്യ് ഒരു തീരുമാനമെടുക്കാം. ആ നിലക്കു് ഞാൻ ഈ പ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Collapse of Kannavam School Building in Cannanoor : Calling Attention under Rule 61.

മി. സ്പീക്കർ : കണ്ണവം സ്കൂൾ കെട്ടിടം ഇടിഞ്ഞുവീണു് 14 വിദ്യാർത്ഥികൾ മരണമടഞ്ഞ ഗുരുതരമായ സംഭവത്തെ സംബന്ധിച്ച് ശ്രീ. കെ. കെ. അബുവും, ശ്രീ. ഇ. അഹമ്മദും നോട്ടീസുകൾ നൽകിയിട്ടുണ്ട്. ശ്രീ. അബുവിനു് അതേക്കുറിച്ച് സംസാരിക്കാം.

ശ്രീ. കെ. കെ. അബു : അടുത്തകാലത്തുണ്ടായ, വളരെയധികം ആളുകളെ വേദനിപ്പിച്ച ഒരു സംഭവമാണു് ഇതു്. കണ്ണവം സ്കൂൾ കെട്ടിടം തകർന്നു വീഴുകയും ആ സ്ലാട്ടിൽത്തന്നെ നാലു വിദ്യാർത്ഥികൾ മരണമടയുകയും ഉണ്ടായിട്ടുണ്ടു്. ആശുപത്രിയിൽ കൊണ്ടുപോയതിനുശേഷം മരണമടഞ്ഞ വിദ്യാർത്ഥികൾ ഉൾപ്പെടെ മൊത്തം 14 വിദ്യാർത്ഥികൾ ഈ സംഭവത്തിന്റെ ഫലമായി മരണമടഞ്ഞിട്ടുണ്ടു്. ഇരുന്നൂറിലധികം വിദ്യാർത്ഥികൾ ഹാജരുണ്ടായിരുന്ന സമയത്താണു് ഈ അപകടമുണ്ടായതു്. നൂറിലധികം വിദ്യാർത്ഥികൾക്കു് പരിക്കു് പറ്റി. ഈ സംഭവം ഈ സഭ ചർച്ചചെയ്യണമെന്നു പറയുന്നതിനുള്ള പ്രധാന കാരണം പല സ്കൂൾ കെട്ടിടങ്ങളും മഴക്കാലങ്ങളിൽ തകർന്നുപോകുകയും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടാണു്. അതുകൊണ്ടു് സ്കൂൾ ഒഴിവുകാലത്തിൽ വല്ല മാറ്റവും വരുത്താൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കണം. വിദ്യാഭ്യാസമന്ത്രി ആ കാര്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ട് സഭ ഈ കാര്യം ചർച്ച ചെയ്യണമെന്നാണു് എനിക്കു് പറയാനുള്ളതു്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, കണ്ണവത്തുണ്ടായ ദുരന്തസംഭവത്തിൽ ഇവിടെ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളോടു് ഗവണ്മെന്റു് യോജിക്കുന്നു. വളരെ പരിതാപകരമായ ഒരു സംഭവമാണിതു്. 14 പിഞ്ചുപൈതങ്ങളുടെ ജീവൻ അപഹരിച്ച ആ ദുഃഖസംഭവം ഗവണ്മെന്റു് വളരെ ഖേദത്തോടുകൂടി മനസ്സിലാക്കുകയും സന്തപ്ത കുടുംബങ്ങളോടുള്ള ഗവണ്മെന്റിന്റെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂത്തുപറമ്പിനടുത്തുള്ള കണ്ണവത്തെ എയിഡഡു് യു. പി. സ്കൂളിൽ മൂന്നു കെട്ടിടങ്ങളാണു്. ഓടിട്ട ഒരു ഇരുനില കെട്ടിടവും രണ്ടു ഷെഡ്ഡുകളുമാണു് ഉണ്ടായിരുന്നതു്. ഓടിട്ട ഇരുനില കെട്ടിടം അടുത്തകാലത്തു് നിർമ്മിച്ചിട്ടുള്ളതാണു്. 28-6-1969-ൽ ആ കെട്ടിടത്തിനു് ഫിറ്റ്നസ് സർട്ടിഫിക്കറ്റു് ലഭിച്ചിരുന്നു എന്നാണു് ഗവണ്മെന്റിന്റെ അറിവു്. വൈകുന്നേരം മൂന്നു മണിക്കാണു് ദുരന്തസംഭവം ഉണ്ടായതു്. കഴിഞ്ഞമാസം 22-ാംതീയതി ക്ലാസ്സു് നടന്നുകൊണ്ടിരിക്കുകയായിരുന്നു. 250 ഓളം വിദ്യാർത്ഥികൾ ക്ലാസ്സു് റൂമിലുണ്ടായിരുന്ന ആ അവസരത്തിലാണു് [illegible]

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുമിനിട്ട് നേരം-നീണ്ടുനിന്ന ചുഴലിക്കാറ്റിന്റെ ഫലമായി ഓടിട്ട കെട്ടിടം പെട്ടെന്ന് തകർന്നുവീണു. അതിന്റെ മേൽക്കൂരയും ചുമരുമെല്ലാം പൊട്ടന്നനവെ തകർന്നു. ഭാഗികമായി ഒരു ഷെഡ്ഡും തകർന്നുപോയി. ഇതെല്ലാം പൊട്ടന്നനവേ സംഭവിച്ചതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഓടി രക്ഷപ്പെടാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഇത്രയധികം നാശനഷ്ടമുണ്ടായത്. ബഹുമാനപ്പെട്ട ശ്രീ. അബു പ്രസ്താവിച്ചതുപോലെ 14 വിദ്യാർത്ഥികളാണ് ഈ അത്യാഹിതത്തിൽ മരണമടഞ്ഞത്. ഈ സംഭവം അറിഞ്ഞ ഉടനെ അന്നു യാത്രചെയ്യാൻ വളരെ വിഷമം ഉണ്ടായിരുന്നിട്ടും, വെള്ളപ്പൊക്കംമൂലം വഴിയെല്ലാം നാശമായി കിടന്നിട്ടും, അതൊന്നും ഗണ്യമാക്കാതെ വിഷമതകൾ സഹിച്ച് ഞാൻ സംഭവസ്ഥലത്തു് എത്തിച്ചേരുകയുണ്ടായി. ആ സ്കൂളിനു ചുറ്റുപാടും വലിയ നാശനഷ്ടങ്ങളാണ് ആ ചുഴലിക്കാറ്റ് ഉണ്ടാക്കിയിട്ടുള്ളതു്. ചുഴലിക്കാറ്റിന്റെ ഫലമായി ധാരാളം വൃക്ഷങ്ങൾ കടപുഴകി വീണിട്ടുണ്ട്, സമീപത്തുള്ള കെട്ടിടങ്ങൾ തകർന്നുവീണിട്ടുണ്ട്, അടുത്തുള്ള മത്സ്യയുടെ മേൽക്കൂര നശിച്ചിട്ടുണ്ട്. ഈ സംഭവങ്ങൾ അറിഞ്ഞ ഉടനെ 4.30-ന് ഉദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി. കണ്ണൂരിലെ പോലീസ് മേധാവികളും, തലശ്ശേരി സബ് കളക്ടറും, താശീൽദാരുമെല്ലാം ഉടനെ സ്ഥലത്തെത്തിച്ചേർന്നു. ഫയർ സർവ്വീസുകാരുടെ ആമ്പുലൻസ് വാൻ കൊണ്ടുവന്ന് പരിക്കുപറ്റിയ വിദ്യാർത്ഥികളെ ആശുപത്രിയിൽ കൊണ്ടുപോയി. 85 വിദ്യാർത്ഥികൾക്ക് ഗുരുതരമായ പരിക്കുപറ്റി. അഞ്ചു വിദ്യാർത്ഥികൾ അവിടെവച്ചു മരിച്ചു. മൂന്നു വിദ്യാർത്ഥികൾ വഴിക്കുവച്ച് മരിച്ചു. 6 വിദ്യാർത്ഥികൾ ആശുപത്രിയിൽ പോയതിനുശേഷം മരിച്ചു വളരെ ഗുരുവാവഹമായ പരിക്കുപറ്റിയ വിദ്യാർത്ഥികളുടെ സ്ഥിതി ഭേദപ്പെട്ടുവരുന്നുണ്ടെന്നാണ് റിപ്പോർട്ട് കൂടുതൽ ചികിത്സക്കായി കുറേ വിദ്യാർത്ഥികളെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലേക്ക് മാറ്റിയിട്ടുണ്ട്. 16 പേരെ കണ്ണൂർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഒരു ഡാക്ടറും, ഒരു നേഴ്സും, ഒരു നേഴ്സിംഗ് അസിസ്റ്റന്റും അടങ്ങിയ ഒരു മൊബൈൽ യൂണിറ്റ് വിദ്യാർത്ഥികൾക്ക് വേണ്ട ശുശ്രൂഷകൾ നൽകുന്നതിനുവേണ്ടി ഉടനെ സംഭവസ്ഥലത്തേക്ക് കുതിക്കുകയുണ്ടായി കണ്ണൂരിലെ ഒരു മെഡിക്കൽ ഉദ്യോഗസ്ഥനെ തലശ്ശേരിയിൽ അയച്ച് വിദ്യാർത്ഥികളുടെ എല്ലിനും മറ്റുമുള്ള പരിക്കുകളെ സംബന്ധിച്ച് പരിശോധിപ്പിക്കുകയുണ്ടായി. 250 രൂപവീതം മരണപ്പെട്ടവരുടേയും, 50 രൂപവീതം ആശുപത്രിയിൽ കിടക്കുന്നവരുടേയും 25 രൂപവീതം ചില്ലറ പരിക്കുപറ്റി വീട്ടിൽ ചികിത്സയിലിരിക്കുന്നവരുടേയും കുടുംബങ്ങൾക്ക് നൽകുകയുണ്ടായി.

ഗവണ്മെന്റിനു് ഈ വിവരം ലഭിച്ച ഉടനെതന്നെ വിദ്യാഭ്യാസ ഡയറക്ടരോട് സംഭവസ്ഥലത്തു പോകാൻ ആവശ്യപ്പെടുകയും അദ്ദേഹം പോവുകയും ചെയ്തു. അതുപോലെതന്നെ ഗവണ്മെന്റു് ഹെൽത്തു സർവ്വീസ് ഡയറക്ടർക്കും എല്ലാവിധ വൈദ്യസഹായവും താമസിയ്ക്കാതെ എത്തിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തു. കളക്ടർ വളരെവേഗം സംഭവസ്ഥലത്തു പോവുകയും അവിടെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നു പറയാൻ എനിക്കാഗ്രഹമുണ്ട്. തലശ്ശേരിയിലെ സബ് കളക്ടർ ആൻറു് എക്സിക്യൂട്ടീവു് മജിസ്ട്രേട്ടിനെ ഈ കെട്ടിടം ഇടിഞ്ഞുവീണ സംഭവത്തെക്കുറിച്ചുള്ള അന്വേഷണം നടത്താൻ വേണ്ടി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ അറിവു ശരിയാണെങ്കിൽ ഈ അന്വേഷണം നാളെ ആരംഭിക്കും. ഈ സംഭവം ഒരു ചുഴലിക്കാറ്റിനെത്തുടർന്നു് ഉണ്ടായതാണു്, ഇതിന്റെ വിശദവിവരങ്ങൾ അന്വേഷണത്തിനുശേഷം മാത്രമേ ലഭിക്കുകയുള്ളു. എന്നാലും എല്ലാ സ്കൂളുകളുടെ കാര്യത്തിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റു് നിർബന്ധമാക്കണമെന്നു് ഗവണ്മെന്റു് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ നിർദ്ദേശംകൊണ്ടു് നമ്മുടെ ഇന്നത്തെ കെട്ടിടങ്ങളുടെ സ്ഥിതിയിൽ ചില ചില്ലറ അസൗകര്യങ്ങൾ ഉണ്ടാകുമെന്നുള്ളതു തീർച്ചയാണു്. എങ്കിലും ഈ ദാരുണസംഭവത്തിന്റെ പശ്ചാത്തലത്തിൽ ഇങ്ങനെ ഒരു കല്പന കൊടുക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ മെമ്പറന്മാർ പ്രോദ്യോത്തരങ്ങളും മുഖേനയും അതുപോലെ പ്രമേയങ്ങളും മുഖേനയും പ്രകടിപ്പിച്ചിട്ടുള്ള വികാരങ്ങളോട് ഗവണ്മെൻറ് പൂർണ്ണമായും യോജിക്കുന്നു. ഇതുപോലുള്ള സംഭവങ്ങളും മേലിൽ വരാതിരിക്കാൻ എന്താണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ചും ഗവണ്മെൻറ് ഗൗരവപൂർവ്വം പര്യാലോചിക്കുന്നതാണ്. നമ്മുടെ വിദ്യാഭ്യാസം നടത്തുന്ന കെട്ടിടങ്ങളെല്ലാം തൃപ്തികരമല്ലെന്നുള്ളതു് തീർച്ചയാണ്. ഈ പ്രശ്നത്തിനു് ഗവണ്മെൻറ് എത്രമാത്രം മുൻഗണന നൽകിയിട്ടുണ്ടെന്നും, ഇന്നത്തെ സാമ്പത്തിക പരാധീനതയുടെ മദ്ധ്യത്തിൽ നിന്നുപോലും ഇതു പരിഹരിക്കാൻ ഗവണ്മെൻറ് എന്തുമാത്രം ശ്രമിക്കുന്നുണ്ടെന്നും ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരെ ഞാൻ പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. അവർ ഓരോരുത്തരുടെയും നിയോജകമണ്ഡലങ്ങളിലുമുള്ള കെട്ടിടങ്ങളിൽതന്നെ ഇതിനുവേണ്ട ലക്ഷ്യങ്ങളുണ്ടെന്നും അവർക്കറിയാം. എന്നാലും വളരെയധികം ഈ രംഗത്തു് ചെയ്യേണ്ടതായിട്ടുണ്ട്. ചുഴലിക്കാറ്റുപോലുള്ള അവിചാരിതമായ പ്രകൃതികോപങ്ങളെ അതിജീവിക്കാൻ നമ്മുടെ കെട്ടിടനിർമ്മാണത്തിനു് എത്രമാത്രം കഴിയും എന്നു് എനിയ്ക്കു് വ്യക്തമായി പറയാൻ കഴിയുകയില്ല. എന്നാലും ഇന്നത്തെ കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിലും മറ്റും എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ, പരിശോധനകൾ കൂടുതൽ കർശ്ശനം ആക്കേണ്ടതുണ്ടോ എന്നുള്ളതിനെക്കുറിച്ചു് ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ഈ സഭയിൽതന്നെ മുമ്പൊരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ നാട്ടിലെ വിദ്യാലയങ്ങളിലെ ഒഴിവുകാലം മഴക്കാലത്തേയ്ക്കു മാറ്റിയാൽ എന്താണെന്ന അഭിപ്രായവും വന്നിട്ടുണ്ട്. ഈ ദാരുണ സംഭവം ഉണ്ടായതിനെത്തുടർന്നു് പത്രങ്ങളിൽകൂടി പലരും ഇതു് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതിൽ പ്രായോഗികമായ വിഷമതകളുണ്ടോ, സർവ്വകലാശാലകളിലെ പരീക്ഷയുമായി ഇതെങ്ങനെ ബന്ധപ്പെടുത്താം, ഇതു് മൈഗ്രേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കും എന്നുള്ളതൊക്കെ പരിഗണിക്കേണ്ടതുണ്ടെങ്കിലും കേരളത്തിലെ കഠിനമായ മഴയും കാറ്റുമുള്ള സമയത്തെ സംബന്ധിച്ചിടത്തോളം നാം പ്രത്യേകം ശ്രദ്ധിക്കാതെ പറ്റില്ല. ഉറപ്പുള്ള കെട്ടിടങ്ങളും പണിയുക എന്ന പ്രധാന കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറുകയാണെന്നു് ഇതുകൊണ്ടു് ആരും വിചാരിക്കരുതു്. മേയ് മാസം ആദ്യം സ്കൂൾവർഷം ആരംഭിക്കുകയും നീണ്ട ഒഴിവുകാലം ജൂലൈ ആഗസ്റ്റ് ആക്കുകയും ചെയ്തതിനുശേഷം പരീക്ഷാകാലത്തു ഒരു ചെറിയ ഒഴിവുകാലം കൂടി വച്ചാൽ മതിയോ എന്നുള്ളതാണ് പെട്ടെന്നു് ആലോചിക്കേണ്ടതായ വിഷയം. ഇതിനു് അനുകൂലമായി ധാരാളം പത്രപ്രസ്താവനകളും വന്നിട്ടുണ്ട്, ചിലർ എതിർത്തിട്ടുമുണ്ട്. അത്യുഷ്ണകാലത്തു് വിദ്യാർത്ഥികളെ സ്കൂളിൽ അയയ്ക്കുന്നതു ശരിയല്ലെന്നുള്ള അഭിപ്രായംപോലും വന്നിട്ടുണ്ട്. പ്രഥമദൃഷ്ട്യാ തോന്നുന്നതു് ഇങ്ങനെ ഒരു പദ്ധതിയെക്കുറിച്ചു് ആലോചിക്കുന്നതു് നല്ലതെന്നാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സ്കൂളുകൾക്കു് ഒഴിവു് നൽകുകയും, പിന്നീടു് അവസാന പരീക്ഷയുടെ കാലത്തു് പത്തു പതിനഞ്ചു ദിവസത്തേക്കുള്ള മറ്റൊരൊഴിവു കൂടി നൽകുകയും ചെയ്യുകയാണെങ്കിൽ അതിൽ പ്രായോഗികമായി വിഷമതയുണ്ടോ എന്നു് ആലോചിക്കുന്നതാണ്. സ്കൂൾ ദിവസങ്ങൾ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി കോത്താരി കമ്മീഷൻ ചെയ്തിട്ടുള്ള ശുപാർശകളെ സംബന്ധിച്ചും ഗവണ്മെൻറ് ആലോചിക്കുന്നതാണ്. ഈ ആലോചനകളെക്കുറിച്ചു് ഇപ്പോഴും പ്രാസംഗികമായി മാത്രമാണു പറഞ്ഞതെങ്കിലും ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായങ്ങളും ആരായുന്നതാണ്.

ഏതായിരുന്നാലും കണ്ണൂരും സംഭവം വളരെ ദാരുണമായ ഒന്നാണെന്നതിനെക്കുറിച്ചു് യാതൊരു സംശയവുമില്ല. ഞാനന്നു പത്രക്കാരോടു പറഞ്ഞതുപോലെ രാവിലെ ഉടുപ്പുകളുമണിയിച്ചു് സ്നേഹത്തോടുകൂടി, വാത്സല്യത്തോടുകൂടി, പ്രതീക്ഷയോടുകൂടി സ്കൂളിലേക്കയയ്ക്കുന്ന ഉറുമാമ്പഴം പോലെയുള്ള കൊച്ചുകുഞ്ഞുങ്ങൾ വൈകുന്നേരം തിരിച്ചുവരേണ്ട സമയത്തു് അവരുടെ മൃതദേഹം എറെറടുക്കാനുള്ള ഗതികേടു് രക്ഷിതാക്കൾക്കു് ഉണ്ടാകുമ്പോൾ അവർക്കുണ്ടാകുന്ന വികാരം ഗവണ്മെൻറ് തികച്ചും

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ദാരുണമായ സംഭവം നടന്നതിനു ശേഷം മനുഷ്യസാദ്ധ്യമായി ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഗവണ്മെൻറു ചെയ്തിട്ടുണ്ടു്. അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതിനെക്കുറിച്ചു് ഒരു അഭിപ്രായം പറയുന്നതു് ശരിയല്ല. എന്നാലും ഇനിമേലിൽ ഇതു സംഭവിക്കാതിരിക്കാൻ ഗവണ്മെൻറിനെക്കൊണ്ടു കഴിയുന്ന എല്ലാ നടപടികളും എടുക്കുന്നതാണു്. ബഹുമാനപ്പെട്ട ശ്രീ. അബു പറഞ്ഞതുപോലെയുള്ള ഏതു കാര്യങ്ങളെക്കുറിച്ചും ഗവണ്മെൻറു് ഗൗരവമനസ്സോടെ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നു് ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. കെ. അബു : സർ, ഈ സംഭവത്തെ തുടർന്നു് ഉദ്യോഗസ്ഥന്മാരും അതുപോലെ ആശുപത്രിയിലെ ഡാക്ടർമാരുമെല്ലാം വളരെ അഭിനന്ദനാർഹമായ കാര്യങ്ങളാണു് ചെയ്തിട്ടുള്ളതു്. കുത്തുപറമ്പു ആശുപത്രിയിൽ ഒരു ഡാക്ടറേയുള്ളു. പുറമേയുള്ള ഡാക്ടർമാർപോലും വന്നു് വളരെ കാര്യമായി പ്രവർത്തിച്ചിട്ടുണ്ടു്. പക്ഷേ എ. ടി. എസ്സു്. ഇഞ്ചക്ഷൻ എടുക്കാനുള്ള മരുന്നു് കുത്തുപറമ്പു് ആശുപത്രിയിൽ ഉണ്ടായിരുന്നില്ല. അതു് പുറമെ നിന്നുവാങ്ങേണ്ടിവന്നു. തലശ്ശേരി ആശുപത്രിയിൽ ഓക്സിജൻ കൊടുക്കാൻ സൗകര്യമുണ്ടായിരുന്നെങ്കിൽ രണ്ടു കുട്ടികളെ രക്ഷിക്കാൻ കഴിയുമായിരുന്നു എന്നു് അവിടത്തെ ഡാക്ടർ പറയുകയുണ്ടായി. ഇതു് വളരെ പ്രധാനമായിട്ടു് കണക്കിലെടുക്കേണ്ടതാണെന്നു് ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണു്.

മി. സ്പീക്കർ : മി. അബു ഇതൊക്കെ ആദ്യം ഇല്ലാന്നയിച്ച സമയത്തു പറഞ്ഞാൽ മതിയായിരുന്നു.

ശ്രീ. കെ. കെ. അബു : എപ്പോഴും പറഞ്ഞാലും വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണു് പറയുന്നതു്.

മി. സ്പീക്കർ : റൂൾ 61 ഉന്നയിച്ചു് അതിനു് മറുപടിയും പറഞ്ഞതിനുശേഷം പിന്നീടു് ചോദ്യങ്ങളും ചോദിക്കുന്നതു് നടപടിക്രമമല്ല.

കേരളത്തിലെ ആശുപത്രികളിൽ രോഗികൾക്കു കൊടുക്കുന്ന ആഹാരത്തിന്റെ ക്രമത്തിലും വിലയിലും വ്യത്യാസം വരുത്തിയതിനാൽ മലബാറിലെ രോഗികൾക്കു് പ്രത്യേകിച്ചും ക്ഷയരോഗികളുടെ ആഹാരത്തിൽ കുറവു വന്നതിനാൽ പരിയാരം സാനിട്ടോറിയത്തിലെ രോഗികൾ 28—7—1969-ാം തീയതി മുതൽ നിരാഹാരം തുടങ്ങിയതിനാൽ രോഗികളിലും പൊതുജനങ്ങളിലും ഉൽക്കണ്ഠയുണ്ടായിട്ടുണ്ടു്. ഈ വിവരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രീ. കെ. പി. രാഘവപ്പൊതുവാൾ റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസും തന്നിട്ടുണ്ടു്. വേണ്ട മേൽ നടപടിക്കായി ബന്ധപ്പെട്ട മന്ത്രിക്കും ഇതു് അയച്ചു കൊടുക്കുന്നതാണു്.

Panel of Chairmen

മി. സ്പീക്കർ : ഈ സമ്മേളനത്തിന്റെ പാനൽ ഓഫു് ചെയർമെൻ ആയി ബഹുമാനപ്പെട്ട ശ്രീ. പി. ഗോവിന്ദപ്പിള്ള, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ശ്രീ. ജെ. എ. ചാക്കോ എന്നീ മെമ്പറന്മാരെ ഞാൻ നിശ്ചയിക്കുകയാണു്.

Papers laid on the Table:

Chief Minister (**Shri E. M. S. Namboodiripad**): I lay on the Table:

(a) A copy of the Notification G. O. (P) 3/69/Plg. dated 30th January 1969 issued by the Government under sub-section (1) of Section 2 of the Kerala Public Services Act 1968 (19 of 1968) containing amendments to special rules in respect of the Kerala Statistics and Economics service.

LIBRARY ARCHIVES Kerala Legislative Assembly